**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2922** **14-02-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്, ശ്രീ മാത്യു ടി. തോമസ്, ശ്രീ. കെ.പി.മോഹനൻ, ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | പോസ്റ്റ് മെട്രിക് വിദ്യാർത്ഥികളുടെ ഫീസാനുകൂല്യങ്ങൾ പൂർണ്ണമായും അനുവദിച്ച് നൽകുന്നുണ്ട്. പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകളുടെയും, പ്രീ മെട്രിക് സ്കോളർഷിപ്പുകളുടെയും, ഓവർസീസ് സ്കോളർഷിപ്പുകളുടെയും വ്യവസ്ഥകളും, നിരക്കുകളും, കാലോചിതമായി പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. പട്ടികജാതി /പട്ടികവർഗ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന പ്രത്യേക പ്രോൽസാഹന സമ്മാന പദ്ധതി പ്രകാരമുള്ള സ്കോളർഷിപ്പ് നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ശ്രീ.അയ്യങ്കാളി സ്കോളർഷിപ്പ് പദ്ധതിയുടെ മാനദണ്ഡവും നിരക്കും, പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കുള്ള അക്കാഡമിക് അലവൻസുകൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | വിദേശ രാജ്യങ്ങളുൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഉന്നത വിദ്യാഭ്യാസം ചെയ്യുന്ന പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | വിദേശത്ത് പോസ്റ്റ് ഗ്രാജ്വേറ്റ്/എംഫിൽ/ പി.എച്ച്.ഡി കോഴ്സുകൾക്ക് ഉന്നത പഠനം നടത്തുന്നതിന് പട്ടികജാതി/ പട്ടികവർഗ വിദ്യാർത്ഥികൾക്ക് ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് സർക്കാർ ഏജൻസിയായ ഒഡെപെക് വഴിയാണ് അനുവദിച്ച് വരുന്നത്. പട്ടികജാതി വിദ്യാർത്ഥിക്ക് പോസ്റ്റമെട്രിക് ഇനത്തിൽ 145.19 കോടി രൂപ സ്കോളർഷിപ്പായി അനുവദിച്ചിട്ടുണ്ട്. വിതരണം ചെയ്യാൻ അവശേഷിക്കുന്ന ക്ലെയിമുകൾക്ക് അധിക തുകക്കുള്ള പ്രൊപ്പോസലിൻമേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 2021-22 വർഷം മുതലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കേന്ദ്രവിഹിതം ലഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കേന്ദ്രവിഹിതം (75%) ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതം ഉൾപ്പെടെയുള്ള കുടിശ്ശിക തുക സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ നിന്നും |

| | | | |
|---|---|---|---|
| | | | ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിതരണം ചെയ്ത് വരുന്നു. കൂടാതെ അധികമായി ആവശ്യം വരുന്ന തുക റീ അപ്രോപ്രിയേഷൻ/ അഡീഷണൽ ആതറൈസേഷൻ മുഖേന ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ